(സി) പ്രസ്തുത അപേക്ഷകളിൽ അർഹതയുള്ളവർക്ക് എത്ര കാലത്തിനകം പെൻഷൻ കൊടുക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ ;

(ഡി) ഒരു വർഷത്തേക്ക് ഈ ആവശ്യത്തിനുവേണ്ട തുക എത്രയെന്നും നീക്കിവെച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 7-3-1986 വരെ 276,988 പേർക്ക്.

(ബി) 7-3-1986 വരെ വിവിധ വില്ലേജാഫീസുകളിൽ 44,736-ഉം വിവിധ ജില്ലാ ലേബർ ഓഫീസുകളിൽ ആകെ 78,992-ഉം അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കാനുണ്ട്.

(സി) അർഹരായ അപേക്ഷകർക്കു 1986-87 സാമ്പത്തിക വർഷത്തിൽ തന്നെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പെൻഷൻ വിതരണം ചെയ്യാൻ കഴിയും.

(ഡി) കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ നടത്തിപ്പിനായി ശരാശരി ഒരു വർഷത്തേക്ക് 13½ കോടി രൂപ വേണ്ടിവരും. ഈ പദ്ധതിയുടെ നടത്തിപ്പിനായി 1982-83 മുതൽ 1985-86 വരെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക താഴെ ചേർക്കുന്നു.

1982-83	..	10 കോടി രൂപ.
1983-84	..	11.50 ,, ,,
1984-85	..	11.35 ,, ,,
1985-86	..	17,01,00,000 രൂപ

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ

233 [404] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഫെബ്രുവരി 28 വരെ സംസ്ഥാനത്ത് വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര ;

(ബി) 1984-85 സാമ്പത്തികവർഷത്തിൽ ഫെബ്രുവരി 28 വരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർ സർവ്വീസിൽ തുടരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2,546,220 പേർ.

(ബി) 11,089 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുടെ എണ്ണം ശേഖരിച്ചുവരുന്നു.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ട് 5 വർഷം കഴിഞ്ഞിട്ടും ജോലി ലഭിക്കാത്തവർ

234 [405] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ

LIBRARY ARCHIVES Kerala Legislative Assembly